**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ: അനുപമ.റ്റി.വി IAS)**

**ഉത്തരവ് നം.WCD/E9/14181/2020 തിരുവനന്തപുരം,തീയതി: 12.07.2021**

വിഷയം:- വനിത ശിശുവികസന വകുപ്പ് – ജീവനക്കാര്യം – സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. 8.06.2021 ലെ WCD-E8/15522/2020(1) നം ഗസറ്റ് വിജ്ഞാപനം.
2. വനിത ശിശുവികസന ഡയറക്ടറുടെ 23.06.2021 ലെ ഇതേ നം നടപടിക്രമങ്ങൾ.

വനിത ശിശു വികസന വകുപ്പിൽ കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന സീനിയർ സൂപ്രണ്ട് തസ്തികയിൽ ആകെയുള്ള 24 തസ്തികയിൽ 1 ഒഴിവ് നിലവിലുണ്ട്. പരാമർശം (1) സെലക്ട് ലിസ്റ്റിലെ ആദ്യ 4 ഉദ്യോഗസ്ഥർക്ക് പരാമർശം (2) പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുണ്ട്. നിലവിലെ 1 ഒഴിവിലേയ്ക്ക് പരാമർശം (2) സെലക്ട് ലിസ്റ്റിലെ ക്രമ നം.5 ആയി ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരൻ ഉദ്യോഗക്കയറ്റത്തിന് അർഹരാണ്.

മേൽ സാഹചര്യത്തിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിലവിലുള്ള 1 ഒഴിവിലേയ്ക്ക് പരാമർശിത സെലക്ട് ലിസ്റ്റിലെ ക്രമ നം.5 ആയി ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന ജീവനക്കാരന് സീനിയർ സൂപ്രണ്ട് തസ്തികയിൽ കെ.എസ് & എസ്.എസ്.ആർ ചട്ടം 28 (എ) പ്രകാരം 51400-110300 രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി ചുവടെ പറയുന്ന കാര്യാലയത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1. | ശ്രീ.ദിവാകരൻ.വി.എം<br>ജൂനിയർ സൂപ്രണ്ട്,<br>ഐ.സി.ഡി.എസ് സുൽത്താൻ ബത്തേരി | സീനിയർ സൂപ്രണ്ട്,<br>ജില്ലാതല ICDS സെൽ, മലപ്പുറം |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരന് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

2021 ലെ പൊതു സ്ഥലംമാറ്റത്തിനായി വകുപ്പിലെ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ടെങ്കിലും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓഫീസുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് തടസ്സം നേരിട്ടതിനാൽ സ്ഥലംമാറ്റ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പരാമർശിക്കുന്ന പ്രകാരം ഉദ്യോഗക്കയറ്റം നൽകി ജീവനക്കാരെ നിയമിക്കുന്ന കാര്യാലയങ്ങൾ പൊതു സ്ഥലമാറ്റ നടപടികൾക്കായി ഓപ്പൺ വേക്കൻസിയായി കണക്കാക്കുന്നതും, പൊതു സ്ഥലംമാറ്റം അനുവദിക്കുന്നതിന്റെ ഭാഗമായി ഒഴിവ് വരുന്ന കാര്യാലയങ്ങളിലേയ്ക്ക് ഇപ്പോൾ ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന ജീവനക്കാരെ മാറ്റി നിയമിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടതും ജീവനക്കാരൻ യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജീവനക്കാരന്റെ വിടുതൽ/പ്രവേശനം എന്നിവ സംബന്ധിച്ച റിപ്പോർട്ടും ആർ.ടി.സിയും കാര്യാലയ മേധാവികൾ തപാൽ മുഖേന അയച്ചു തരേണ്ടതാണ്.

(ഒപ്പ്)
വനിത ശിശുവികസന ഡയറക്ടർ

ബന്ധപ്പെട്ട ഉദ്യോഗസ്ഥന്
(കാര്യാലയ മേധാവി മുഖേന)

<u>പകർപ്പ്</u>

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള (ആമുഖ കത്ത് സഹിതം)
2. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
3. ബന്ധപ്പെട്ട ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക്
4. സൂപ്രണ്ട് ഐ.റ്റി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. ഡയറക്ടറുടെ സി.എ
6. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്